01/06/2023

**പ്രസിദ്ധീകരണത്തിന്**

**ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ ഓഫീസ്**

വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവൽക്കരണം ലക്ഷ്യമിട്ടുള്ള 2022 ലെ വൈദ്യുതി നിയമ ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുകയും അത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണയ്ക്ക് വിടുകയും ചെയ്തു. വൈദ്യുതി നിയമം 2003 നിലവിൽ വന്നതോടെ ഉൽപ്പാദന മേഖലയിൽ സ്വകാര്യവൽക്കരണവും ഡീലൈസൻസിംഗും ഏർപ്പെടുത്തി. എന്നാൽ, പല സംസ്ഥാനങ്ങളിലെയും വൈദ്യുതി വിതരണ കമ്പനികൾ വൈദ്യുതി ഉൽപ്പാദന നിലയങ്ങളിൽ നിന്നും വാങ്ങിയ വൈദ്യുതിയ്ക്ക് യഥാസമയം തുക നല്കാതിരുന്നു. സ്വകാര്യ വൈദ്യുതി ഉൽപ്പാദകർക്ക് കൃത്യമായി വില ലഭിക്കുന്നതിനും, വിതരണ മേഖലയുടെ ബാധ്യതകൾ തീർത്ത് അവയുടെ സാമ്പത്തിക ശേഷി മെച്ചപ്പെടുത്തി അവയും സ്വകാര്യവൽക്കരിക്കുന്നതിന് പ്രാപ്തമാക്കാനുമാണ് വൈദ്യുതി ചട്ട ഭേദഗതി കേന്ദ്ര സർക്കാർ കൊണ്ട് വന്നത്.

മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാൻ ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയം 29.12.2022-ൽ വൈദ്യുതി ചട്ട ഭേദഗതി 2022 പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടഭേദഗതി സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കയും, ഒപ്പം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ല എന്നും 06.09.2022 തീയതിയിലെ എ1/183/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. ചട്ട ഭേദഗതി മൂലം വിതരണക്കമ്പനികൾക്ക് അനർഹമായ നേട്ടമുണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ദുരിതമാകുമെന്നുമാണ് കേരള സർക്കാരിന്റെ അഭിപ്രായം. കേരള സർക്കാരിന്റെ എതിർപ്പ് അവഗണിച്ചുകൊണ്ടാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ആവശ്യമായ ഇന്ധനത്തിന്റെ വിലയിലുണ്ടാകുന്ന വർധന ഉൾപ്പടെ വൈദ്യുതി വാങ്ങുന്നതിനുള്ള അധിക ചെലവിന് ആനുപാതികമായി സർച്ചാർജ് വൈദ്യുതി നിരക്കിൽ ഉൾപ്പെടുത്തി എല്ലാ മാസവും ഈടാക്കാമെന്ന് കേന്ദ്രം തീരുമാനമെടുത്തത്.

പ്രസ്തുത നിയമത്തിലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധിക

ബാധ്യത/കുറവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ് അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്തി Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽ നിന്നും മാസാടിസ്ഥാനത്തിൽ സ്വയമേവ വീണ്ടെടുക്കാൻ/തിരികെ നൽകാൻ അനുവദിക്കുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ വീണ്ടെടുക്കുന്നതിന് ഓരോ മാസവും കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല.

കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-4-2022ലെ നിർദ്ദേശപ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാനും, 26.7.2022-ലെ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് അനുസരിച്ച് ഇറക്കുമതി ചെയ്ത കൽക്കരി 20% 31.10.2022 വരെ ഉപയോഗിക്കാനും വൈദ്യുതി ഉത്പാദകർക്ക് നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് 2023 സെപ്റ്റംബർ വരെ 06% ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ 09.01.2023-ൽ കേന്ദ്ര ഊർജ്ജ മന്ത്രാലയം ഉത്പാദകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കുന്നത് മൂലം വൈദ്യുതി ഉൽപ്പാദന ചെലവ് വർധിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്.

ഇന്ധന സർച്ചാർജ് ഇപ്പോൾ മൂന്നുമാസത്തിലൊരിക്കലാണ് കണക്കാക്കുന്നത്. എത്ര തുക ഈടാക്കാമെന്ന് തീരുമാനിക്കുന്നത് സംസ്ഥാനങ്ങളിലെ വൈദ്യുതി റെഗുലേറ്ററി കമ്മിഷനുകളാണ്. ചട്ടം പുറപ്പെടുവിച്ച് 90 ദിവസത്തിനകം സർചാർജ് ഈടാക്കുന്നതിന് ഫോർമുല റഗുലേറ്ററി കമ്മീഷനുകൾ നിശ്ചയിക്കണമെന്നും അതനുസരിച്ച് കമ്മിഷനുകളുടെ മുൻകൂർ അനുമതിയില്ലാതെ മാസംതോറും വൈദ്യുതിബില്ലിൽ സർചാർജ് ചുമത്തി ഈടാക്കാമെന്നതാണ് ഭേദഗതി. പുതിയ ചട്ടപ്രകാരം ഇന്ധനവില വർധനവ് മാത്രമല്ല, വൈദ്യുതി വാങ്ങുമ്പോഴുണ്ടാകുന്ന എല്ലാ അധികചെലവും കമ്മീഷനെ സമീപിക്കാതെ തന്നെ ഉപഭോക്താക്കളിൽ നിന്ന് മാസംതോറും ഈടാക്കാവുന്നതാണ്.

ഈ ചട്ട ഭേദഗതി സംബന്ധിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പൊതു തെളിവെടുപ്പ് നടത്തുകയും കെ എസ് ഇ ബിയുടെ അഭിപ്രായം തേടുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ചട്ട ഭേദഗതിയിൽ ഇന്ധന സർചാർജിന് ഉയർന്ന പരിധി നിർദ്ദേശിച്ചിരുന്നില്ലെങ്കിലും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി രാജ്യത്താദ്യമായി യൂണിറ്റിന് 10 പൈസ എന്ന ഉയർന്ന പരിധി നിശ്ചയിക്കാൻ തീരുമാനമെടുത്തത്.

ഏപ്രിലിൽ വൈദ്യുതി വാങ്ങാൻ അധികമായി ചെലവിട്ട 26.55 കോടി രൂപ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കാൻ ആയി കമ്മീഷൻ നിർദ്ദേശിച്ച ഫോർമുല പ്രകാരം 12.65 പൈസയാണ് ഓരോ യൂണിറ്റിനും അധികമായി ഈടാക്കേണ്ടത്

എന്നാണ് കെ എസ് ഇ ബിയുടെ അഭിപ്രായം. എന്നാൽ, ഇന്ധന സർച്ചാർജിന് ഉയർന്ന പരിധി പത്ത് പൈസ ആയി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചിരിക്കുന്നതിനാൽ, യൂണിറ്റിന് 10 പൈസ ആണ് ഇന്ധന സർചാർജ് ആയി പുതുതായി തീരുമാനിച്ചിരിക്കുന്നത്. ഇത് ഒരു മാസത്തേക്ക് മാത്രമാണ്.

**എന്നാൽ, ആയിരം വാട്സ് വരെ കണക്റ്റഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗം ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.**

ഇതിനു പുറമേ, 2022-23 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലെയും മൂന്നാം പാദത്തിലെയും ഇന്ധന സർചാർജ് ഈടാക്കുന്നതിന് KSEBL മുൻപ് സമർപ്പിച്ചിരിക്കുന്ന പെറ്റീഷൻ മേലുള്ള കമ്മീഷന്റെ ഉത്തരവാണ് 31.05.2023- കമ്മീഷൻ പുറപ്പെടുവിച്ചത്. ആയത് പ്രകാരം 9 പൈസ നിരക്കിൽ മേൽ പാദങ്ങളിൽ ഉണ്ടായ അധിക ചെലവായ 248.04 കോടി രൂപ ജൂൺ മാസം മുതൽ ബില്ല് ചെയ്യുന്ന ഉപഭോഗത്തിനു ഉപഭോക്താക്കളിൽ നിന്ന് പൂർണ്ണമായി ഈടാക്കുന്നത് വരെ പിരിച്ചെടുക്കുന്നതിനാണ് കമ്മീഷൻ അനുവദിച്ചിരിക്കുന്നത്. നിലവിൽ 2022 ഒന്നാം പാദത്തിലെ ഇന്ധന സർചാർജ് ആയ 9 പൈസ ഫെബ്രുവരി 2023 മുതൽ മെയ് 2023 വരെയുള്ള ഉപഭോഗത്തിനു ഉപഭോക്താക്കളിൽ നിന്നും ഈടാക്കി വരികയാണ്. ഇത് 31 മെയ് 2023 വരെയുള്ള ഉപഭോഗത്തിന് മേലാണ് ഈടാക്കി വരുന്നത്. കമ്മീഷന്റെ 2023 മെയ് 31 -ലെ ഉത്തരവ് നിലവിൽ വരുമ്പോഴും മുമ്പ് ഈടാക്കിയിരുന്ന ഇന്ധന സർചാർജ് ആയ 9 പൈസ കൂടി തുടരുന്നതാണ്.

അപ്രകാരം പുതുക്കിയ ചട്ട ഭേദഗതി പ്രകാരം വരുന്ന **അധിക ബാധ്യത ജൂൺ മാസത്തേക്ക് 10 പൈസ ആണ്.** ഇത് ഇന്ധന വിലയിലെ വ്യതിയാനങ്ങൾക്കനുസരിച്ച് മാസം തോറും പരമാവധി പത്തു പൈസയോ അതിൽ കുറവോ വരാവുന്നതാണ്.

പുതിയ കേന്ദ്ര നിർദ്ദേശപ്രകാരം മറ്റു സംസ്ഥാനങ്ങളിലും സർചാർജ് പിരിച്ചെടുക്കാൻ അതാത് കമ്മീഷനുകൾ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

| **സർചാർജ് (Fuel and Power Purchase Adjustment Surcharge - FPPAS) ഈടാക്കുന്നതിനുള്ള ഉയർന്ന പരിധി** | | |
|---|---|---|
| State | Ceiling Limit of FPPAS | FPPAS with carry forward |
| | | |
| Karnataka | Nil | 20% of approved variable charge |

| | | |
|---|---|---|
| Madhya Pradesh | Nil | 20% of approved variable charge |
| Telangana (draft) | 30 paise | 30 paise |
| Andhra(draft) | Nil | 40 paise |
| Chattisgarh | Nil | 20% of approved variable charge |
| Haryana | Nil | 20% of approved variable charge |
| KERALA | 10 paise | 10 paise |

വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള ഇന്ധന സർചാർജ് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു

**Fuel Surcharge for June 2023**

| State | Rate | Recovery period | Applicable period |
|---|---|---|---|
| Kerala | 19 paise | June | April |
| Rajasthan | 45 paise | May-July | |
| Gujarat | 310 paise per unit | April-june 2023 | |
| Chattisgarh | 43paise | April-May | |
| Andhra | 21 paise | Jun-23 | Jun-21 |
| Haryana | 52 paise | April 2023 -june 2023 | |

**ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി**